LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യം

309 (1017) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടങ്ങളിൽ പ്രസ്തുത പദ്ധതികളനുസരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതികൾക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?-

ഉത്തരം

(എ-സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി അനുവദിച്ച പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി അതാത് നിർവ്വഹണ ഏജൻസികളുമായി സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്താനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും 14 ജില്ലകളിലും നിലവിലുള്ള ജില്ലാ ഓഫീസുകൾ ശക്തമാക്കിയും LBS മുഖേന മോണിറ്ററിംഗ് സിസ്റ്റം കാര്യക്ഷമമായി നടപ്പിലാക്കിയും വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.